"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - അനെർട്ടിലെ സയന്റിസ്റ്റുമാർക്ക് ഏഴാമത് സി.എസ്.ഐ.ആർ ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ശ്രീമതി.വി. കമലാദേവി മുതൽപ്പേർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.13892/2020 നമ്പർ ഹർജിയിൻമേലുള്ള വിധിന്യായത്തിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**ഊർജ്ജ (പി എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.229/2024/POWER തീയതി,തിരുവനന്തപുരം, 07-12-2024

---

പരാമർശം:-

1. 26/07/2018 -ൽ അനെർട്ടിലെ സയന്റിസ്റ്റുമാരായ ശ്രീമതി. വി. കമലാദേവി മുതൽപേർ സമർപ്പിച്ച നിവേദനം (Exhibit P7).
2. സ ഉ (സാധാ) നം.: 7/ 2020/ഊ.വ തീയതി 20/01/2020
3. ബഹു. കേരള ഹൈക്കോടതി WP (C) നം. 13892/2020 മേൽ 11.04.2024 ന് പുറപ്പെടുവിച്ച വിധിന്യായം.

**ഉത്തരവ്**

7th CSIR pay and allowance അനുവദിക്കുന്നതിനായി അനെർട്ടിലെ സയന്റിസ്റ്റുമാരായ ശ്രീമതി.വി. കമലാദേവി മുതൽപ്പേർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന WP(C)No.37026/2018-മേലുള്ള 16.01.2019-ലെ വിധിന്യായത്തിൽ, പരിഷ്കരിച്ച CSIR pay and allowance ഹർജിക്കാർക്ക് അനുവദിക്കുന്നതിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. മെഡിക്കൽ/ആയുർവേദ/ഹോമിയോ ഡോക്ടർമാരുൾപ്പെടെ ആർക്കുംതന്നെ തന്നെ സർക്കാർ ഏഴാം ശമ്പള സ്കെയിൽ അനുവദിച്ചിട്ടില്ല എന്ന കാരണം പറഞ്ഞുകൊണ്ട് അനെർട്ടിലെ സയന്റിസ്റ്റുമാരുടെ 7th Central Pay Revision പ്രകാരമുള്ള CSIR ശമ്പളപരിഷ്കരണം അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് പരാമർശം (2) പ്രകാരം ഉത്തരവായിക്കൊണ്ട് WP (C) No. 37026/2018-മേലുള്ള ബഹു. ഹൈക്കോടതിയുടെ 16/01/2019 ലെ വിധിന്യായത്തിലെ നിർദ്ദേശം പാലിച്ചുകൊണ്ടും ഉത്തരവായിരുന്നു.

**2.** പരാമർശം (2)-ലെ പ്രസ്തുത ഉത്തരവിനെതിരെ അനെർട്ടിലെ സയന്റിസ്റ്റുമാരായ ശ്രീമതി. വി. കമലാദേവി, ശ്രീ. കെ. പ്രേംകുമാർ, ശ്രീ. എൻ. ഇ. പ്രമോദ്, ശ്രീ. പി. വത്സരാജ് എന്നിവർ ബഹു. ഹൈക്കോടതിയിൽ WP (C) നം. 13892/2020 ഫയൽ ചെയ്യുകയുണ്ടായി. സി.എസ്.ഐ.ആർ പാറ്റേൺ അനുസരിച്ചുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും 01-01-2016 മുതൽ പ്രാബല്യത്തിൽ അനെർട്ടിലെ സയന്റിസ്റ്റുമാർക്ക് അനുവദിച്ച് നൽകുന്നത് സംബന്ധിച്ച ഹർജിക്കാരുടെ Exhibit-P7 നിവേദനത്തിന്മേൽ (പരാമർശം (1)) ബന്ധപ്പെട്ട എല്ലാ കക്ഷികളെയും നേരിൽകേട്ട് തീരുമാനം കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ബഹു. ഹൈക്കോടതി 11/04/2024-ൽ പരാമർശം (3) പ്രകാരമുള്ള വിധിന്യായം പുറപ്പെടുവിച്ചിരുന്നു.

**3.** പ്രസ്തുത വിധിന്യായത്തിലെ നിർദ്ദേശാനുസരണം ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചുമതലപ്പെടുത്തിയ പ്രകാരം ജോയിന്റ് സെക്രട്ടറി **21.05.2024** ന് ഹർജിക്കാരെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേൾക്കുകയുണ്ടായി. Exhibit-P7 നിവേദനം (പരാമർശം (1)) പരിഗണിച്ച് അനെർട്ടിലെ സയന്റിസ്റ്റമാർക്ക് ഏഴാമത് സി.എസ്.ഐ.ആർ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഹർജിക്കാർ ആവശ്യപ്പെട്ടു. അനെർട്ടിലെ സയന്റിസ്റ്റമാർക്ക് ഒന്നിലധികം സ്ഥാനക്കയറ്റം നൽകിയത് സംബന്ധിച്ച് തർക്കവും ആഡിറ്റ് തടസ്സവും നിലനിൽക്കുന്നതിനാൽ ശമ്പള നിർണ്ണയത്തിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും, സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതെന്നും അറിയിച്ചുകൊണ്ടുള്ള അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 21.05.2024-ലെ നം.ANERT-ADM/47/2021-JM (HRM) കത്ത് ഹിയറിംഗിൽ ഹാജരായ അനെർട്ടിലെ അഡീഷണൽ ചീഫ് ടെക്നിക്കൽ മാനേജർ ലഭ്യമാക്കിയിരുന്നു. സർക്കാർ ഉത്തരവ് മുഖേനയാണ് സ്ഥാനക്കയറ്റം അനുവദിച്ചതെന്നും സ്ഥാനക്കയറ്റത്തിനുള്ള ശമ്പള കുടിശ്ശിക സംബന്ധിച്ച വിഷയമാണ് ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ളതെന്നും ആഡിറ്റ് തടസ്സത്തിന് മറുപടി നൽകേണ്ടത് അനെർട്ട് ആണെന്നും ഹർജിക്കാർ ഹിയറിംഗിൽ ബോധിപ്പിക്കുകയുണ്ടായി.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനെർട്ടിലെ സയന്റിസ്റ്റമാരായ ശ്രീമതി. വി. കമലാദേവി മുതൽപ്പേർ സമർപ്പിച്ച പരാമർശം (1)-ലെ നിവേദനം (Ext-P7) പരിഗണിച്ച്, അനെർട്ടിലെ സയന്റിസ്റ്റമാർക്ക് 01-01-2016 പ്രാബല്യത്തിൽ ഏഴാമത് സി.എസ്.ഐ.ആർ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കാൻ അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

**5.** മേൽ വിവരിച്ച പ്രകാരം WP (C) നം. 13892/2020 മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 11.04.2024-ലെ പരാമർശം (3) പ്രകാരമുള്ള വിധിന്യായത്തിലെ നിർദ്ദേശം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട്, തിരുവനന്തപുരം
ശ്രീമതി. വി. കമലാദേവി, സയന്റിസ്റ്റ്, അനെർട്ട്, തിരുവനന്തപുരം (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട് മുഖാന്തിരം)
ശ്രീ. പി. വത്സരാജ്, സയന്റിസ്റ്റ്, അനെർട്ട്, തിരുവനന്തപുരം ( ,, )
ശ്രീ. കെ. പ്രേംകുമാർ, സയന്റിസ്റ്റ്, അനെർട്ട്, തിരുവനന്തപുരം ( ,, )
ശ്രീ. എൻ. ഇ. പ്രമോദ്, സയന്റിസ്റ്റ്, അനെർട്ട്, തിരുവനന്തപുരം ( ,, )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ (പി യു - സി ) വകുപ്പ് (30/08/2024 ലെ 1512874/പി യു സി2 /64/2020-ഫിൻ ഫയൽ പ്രകാരം)
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Rajeev. P
Date: 11-12-2024 16:54:42

സെക്ഷൻ ഓഫീസർ